"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - 46-ാം മത് സംസ്ഥാന സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവം നടത്തിപ്പിനായി തൃശ്ശൂർ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.34/2026/LSGD തീയതി,തിരുവനന്തപുരം, 05-01-2026

---

പരാമർശം:- 1. സംസ്ഥാന ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവം ജനറൽ കൺവീനറുടെ 04-12-2025 തീയതിയിലെ അപേക്ഷ.

**<u>ഉത്തരവ്</u>**

2026 ജനുവരി 22 മുതൽ 25 വരെ തിയ്യതികളിൽ തൃശ്ശൂർ ടെക്നിക്കൽ ഹൈസ്കൂളിൽ വെച്ച് നടത്തുന്ന സംസ്ഥാന ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവത്തിന്റെ നടത്തിപ്പിനായി ഏകദേശം 30 ലക്ഷത്തോളം രൂപ ചെലവ് പ്രതീക്ഷിക്കുന്നെന്നും മേളയുടെ നടത്തിപ്പിലേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമുള്ള ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവം ജനറൽ കൺവീനറുടെ പരാമർശം അപേക്ഷ തൃശ്ശൂർ എം.എൽ.എയുടെ ശിപാർശ സഹിതം സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 46-ാമത് സംസ്ഥാന സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവം നടത്തിപ്പിനായി തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 5000/- (അയ്യായിരം രൂപ മാത്രം) വീതവും മുനിസിപ്പാലിറ്റികളിൽ നിന്നും 8000/- (എണ്ണായിരം രൂപ മാത്രം) വീതവും കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് എന്നിവയിൽ നിന്നും 15000/- (പതിനയ്യായിരം രൂപ മാത്രം) വീതവും കൗൺസിൽ തീരുമാനത്തിന് വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 05-01-2026 13:37:56

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.